# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്ജില്ലാ
### ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി :2019 നവംബർ 01 വെള്ളി

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web:www.prd.kerala.gov.in.Email.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


## ആശയവിനിമയം സാധ്യമാക്കാത്ത വ്യവഹാര ഭാഷ മനുഷ്യാവകാശലംഘനം: സാറാജോസഫ്

സാധാരണ മനുഷ്യർക്ക് ആശയവിനിമയം അസാധ്യമാകും വിധം ഭാഷ വ്യവഹരിക്കപ്പെടുന്നത് മനുഷ്യാവകാശലംഘനമാണെന്നും തങ്ങൾ സംഭവിക്കുന്നതെന്തെന്ന് എന്ന് അറിയാനുള്ള അവസരമാണ് ഭരണഭാഷ മാതൃഭാഷയാക്കുന്നതിലൂടെ സംഭവിക്കുന്നതെന്നും പ്രമുഖ എഴുത്തുകാരി സാറാ ജോസഫ് പറഞ്ഞു. ജില്ലാ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻ വകുപ്പ്, ജില്ലാ ഭരണകൂടം, ജില്ലാ ലൈബ്രറി കൗൺസിൽ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച മലയാള ദിനവും മലയാള ഭാഷാ വാരാചാരണവും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അവർ. ഭരണഭാഷ മലയാളമാവുന്നതോടെ മറ്റ് ഭാഷകൾ അറിയാത്ത സാധാരണക്കാരായ വലിയ ജനതയെ ഉൾക്കൊള്ളുകയാണ് ചെയ്യുന്നത്.

കോടതികളിലെ വ്യവഹാര ഭാഷയും ഡോക്ടർമാരുടെയും ഓഫീസുകളിലേയും ഭാഷയും മലയാളത്തിലാക്കണം. ഇതിലൂടെ മനുഷ്യാവകാശ ലംഘനം നേരിടാൻ സാധ്യതയുള്ള അത്തരം ഇടങ്ങളിൽ നാം വൻ തോതിലുള്ള ജനതയെ ഉൾക്കൊള്ളുകയാണ് ചെയ്യുന്നത്. ജീവിതത്തെ പ്രതിഫലിപ്പിക്കുന്നതാണ് ഭാഷ. ഓരോ കാലഘട്ടത്തിലെയും ജീവിതവും സ്ത്രീപുരുഷബന്ധങ്ങൾ, ജാതി, ദരിദ്രർ, അടിമത്വം, വിവേചനം, കാർഷിക വൃത്തി എന്നിവയെല്ലാം പഠിക്കണമെങ്കിൽ അതത് കാലഘട്ടത്തിലെ ഭാഷ മനസ്സിലാക്കിയാൽ മതി. ജീവിതത്തിൽ നിന്ന് പിൻവലിയുന്നതെന്തും ഭാഷയിൽ നിന്ന് പിൻവലിയും. കേരളത്തിൽ ജാതിവ്യവസ്ഥ രൂക്ഷമായിരുന്ന സമയത്ത് ജാതിവിവേചനം നഗ്നമായി പ്രതിഫലിക്കുന്ന ഭാഷയാണ് ഉണ്ടായിരുന്നത്. അന്നത്തെ വാക്കുകളിൽ പലതും ഇന്ന് ആക്ഷേപഹാസ്യരൂപേണ മാത്രമാണ് പലരും ഉപയോഗിക്കുന്നത്. മലയാളിയുടെ മനസ്സിൽ നിന്ന് പൂർണമായും ജാതി വ്യവസ്ഥ ഉന്മൂലനം ചെയ്യാത്തതിനാലാണിത്. ജീവിതത്തിൽ നിന്ന് വസ്തുക്കളും വസ്തുതകളും മാത്രമല്ല ഭാഷയും മറ്റ് രീതികളും കൂടി വ്യവഹരിക്കപ്പെടുന്നുണ്ട്. അധിനിവേശ സംസ്കാരത്തിൽ മലയാള ഭാഷയുടെ തനിമയെ നിലനിർത്താൻ പ്രയാസം നേരിട്ടു. ഇന്നത്തെ കോർപ്പറേറ്റ് യുഗത്തിൽ സാങ്കേതിക ഭാഷയായ ഇംഗ്ലീഷിനൊപ്പം മലയാളഭാഷ കൂടി കൈകാര്യം കുട്ടികൾക്ക് വഴങ്ങാൻ സാധിക്കുന്ന തരത്തിൽ പാഠപുസ്തകങ്ങളെ മാറ്റണമെന്നും അവർ പറഞ്ഞു.

ഒരു ജനതയെ മനസിലാക്കണമെങ്കിൽ ആ ജനതയുടെ ഭാഷ പഠിച്ചാൽ മതി. ഭാഷയിൽ എന്തുണ്ടോ ? അത് നമ്മുടെ ജീവിതത്തിലുണ്ട്. ഭാഷയിൽ എന്തില്ല. അത് ജീവിതത്തിലുമില്ല. ജാതി വിവേചനപരമായി ഭാഷ ഉപയോഗിക്കുന്നത് ഒരു കാലത്തിന്റെ ശീലമായിരുന്നു. തൊഴിൽ, തൊഴിൽ പേര് ഉപയോഗിച്ച് ചീത്ത വിളിക്കുന്ന രീതി, സ്ത്രീപുരുഷ ബന്ധങ്ങളിലും ഇത് കാണാം. മൂന്ന് പതിറ്റാണ്ടുകൾക്കപ്പുറം സ്ത്രീക്ക് വിവേചനപരമാണോ എന്ന് ചിന്തിച്ചതിന്റെ ഫലമാണ് കേരളത്തിൽ ചെയർപേഴ്സൺ എന്ന പദമുണ്ടായത്. അധികാരസ്ഥാനത്ത് ആണിനേയും പെണ്ണിനേയും ഒരു പോലെ അഭിസംബോധന ചെയ്യാൻ കഴിയുന്ന പദം. ചരിത്രമെന്നത് അവന്റേത് മാത്രമല്ല അവളുടേയത് കൂടിയാണെന്ന് തിരിച്ചറിയുന്നത് ഭാഷയിലൂടെയാണ്. ഭാഷയെ നിലനിർത്തുന്നതിലൂടെ നാം നമ്മുടെ ജീവിതത്തെയാണ് നിലനിർത്തുന്നത്. ബാബേൽ ഗോപുരം കെട്ടാൻ തുടങ്ങിയ അഹകാരികളായ ജനതയെ ദൈവം നേരിട്ടത്. ഭാഷയെ ചിതറിച്ച് കൊണ്ടായിരുന്നുവെന്നത് ഐതിഹ്യം. ഭാഷ നശിച്ചാൽ ഇല്ലാതാകുന്നത് ഒരു ജനതയുടെ അവരുടെ ജീവിതവ്യവഹാരവുമാണ്.

ജില്ലാ കളക്ടർ എസ് ഷാനവാസ് അധ്യക്ഷത വഹിച്ചു. സബ് കളക്ടർ അഫ്സാന പർവീൻ എസ് ഭാഷാ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. എഡിഎം റെജി.പി. ജോസഫ്, ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ വി പി സുലഭകുമാരി, ഗ്രന്ഥശാല സംഘം ജില്ലാ സെക്രട്ടറി കെ എൻ ഹരി, തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ എൻ ഗീത എന്നിവർ ആശംസ നേർന്നു. ജില്ലാ ഇൻഫർമേഷൻ ഓഫീസർ ബി സേതുരാജ് സ്വാഗതവും അസി. എഡിറ്റർ പി പി വിനീഷ് നന്ദിയും പറഞ്ഞു.

## പെരിങ്ങൽക്കുത്ത് ഡാം തുറന്നു; ജാഗ്രത പാലിക്കണം

പറമ്പിക്കുളം ഡാമിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്ന സാഹചര്യത്തിൽ മുൻകരുതൽ നടപടി എന്ന നിലയ്ക്ക് പെരിങ്ങൽക്കുത്ത് ഡാമിന്റെ ഒരു സ്ലൂയിസ് ഗേറ്റ് തുറന്നു. വെള്ളിയാഴ്ച ഉച്ച രണ്ട് മണിക്ക് ഡാമിന്റെ മൂന്നാമത്തെ സ്ലൂയിസ് ഗേറ്റ് തുറന്ന് 202 ക്യുമെക്സ് വെള്ളം ചാലക്കുടി പുഴയിലേക്ക് ഒഴുക്കാൻ തുടങ്ങി. ഉച്ച രണ്ടു മണിക്ക് 419.75 മീറ്റർ ആണ് ഡാമിലെ ജലനിരപ്പ്. ഡാമിന്റെ സുരക്ഷിതത്വവും പൊതുജനങ്ങളുടെ സുരക്ഷയും കണക്കിലെടുത്താണ് നടപടി.

ഡാമിലെ ഏഴ് സ്പിൽവേ ഷട്ടറുകൾ ക്രസ്റ്റ് ലെവൽ ആയ 419.41 മീറ്ററിൽ തുറന്നുവെച്ചിരിക്കുന്നതിനാൽ നേരത്തെ തന്നെ 30 ക്യുമെക്സ് ജലം ചാലക്കുടി പുഴയിലേക്ക് ഒഴുകുന്നുണ്ടായിരുന്നു. ഡാമിന്റെ പരമാവധി സംഭരണ ശേഷി 424 മീറ്ററാണ്.

പറമ്പിക്കുളം ഡാമിലെ നിലവിലെ ജലനിരപ്പ് 1823.95 അടിയായതിനാലാ ണ് ഒരു സ്ലൂയിസ് ഗേറ്റ് തുറക്കുന്നത്. 1825 അടിയാണ് പറമ്പിക്കുളത്തിന്റെ പരമാവധി സംഭരണ ശേഷി.

ഒരു സ്ലൂയിസ് ഗേറ്റ് കൂടി തുറന്നതോടെ ചാലക്കുടി പുഴയിൽ അഞ്ച് അടി വരെ ജലനിരപ്പ് ഉയരാൻ സാധ്യതയുള്ളതിനാൽ പുഴയിലിറങ്ങുന്നവരും മീൻ പിടിക്കുന്നവരും അതീവ ജാഗ്രത പാലിക്കണമെന്നും എന്നാൽ ആശങ്കപ്പെടേണ്ടതില്ലെന്നും കെ.എസ്.ഇ.ബി അറിയിച്ചു

## കേയർഹോം: താക്കോൽദാനം നടത്തി

എടത്തിരുത്തി സർവീസ് സഹകരണ ബാങ്ക് കെയർ ഹോം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച രണ്ട് വീടുകളുടെ  താക്കോൽദാനം നടത്തി. എടത്തിരുത്തി സ്വദേശികളായ കാച്ചപ്പിള്ളി സിസിലി, കാളകൂടത്ത് മോഹനൻ എന്നിവർക്കാണ് വീട് നിർമ്മിച്ചു നൽകിയത്. 475 ചതുരശ്ര അടിയിൽ 5 ലക്ഷം രൂപ ചിലവിട്ടാണ് ഓരോ വീടും നിർമ്മിച്ചിരിക്കുന്നത്. നേരത്തെ നാല് കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകിയിരുന്നു. ബാങ്ക് അങ്കണത്തിൽ നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് താക്കോൽദാനം നിർവ്വഹിച്ചു. ബാങ്ക് പ്രസിഡന്റ് പ്രശോഭിതൻ അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.കെ.അബീദലി, ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ മഞ്ജുള അരുണൻ, എടത്തിരുത്തി പഞ്ചായത്ത് പ്രസിഡന്റ് ബൈന പ്രദീപ്, കൊടുങ്ങല്ലൂർ സഹകരണ സംഘം അസി. രജിസ്ട്രാർ സി.കെ. ഗീത മറ്റു ജനപ്രതിനിധികളും രഷ്ട്രീയ കക്ഷി നേതാക്കളും ഉദ്യാഗസ്ഥരും ചടങ്ങിൽ പങ്കെടുത്തു.

## സൗജന്യ പരിശീലനം

തൃശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിൽ ഫാഷൻ ടെക്നോളജിയിൽ 20 ദിവസത്തെ സൗജന്യ പരിശീലനം നടത്തുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ നവംബർ ആറ് വൈകീട്ട് നാല് മണിക്കകം തൃശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിലോ താലൂക്ക് വ്യവസായ കേന്ദ്രങ്ങളിലോ നിശ്ചിത അപേക്ഷാഫോറത്തിൽ അപേക്ഷ നൽകണം.  18 നും 45 നും മധ്യപ്രായമുള്ള എസ്എസ് എൽസി പാസ്സായവർക്ക് അപേക്ഷിക്കാം. ടൈലറിങ് പ്രാവീണ്യമുള്ളവർക്ക് മുൻഗണന. നിശ്ചിത അപേക്ഷയോടൊപ്പം ഫോട്ടോ, തിരിച്ചറിൽ കാർഡ്, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖ യുടെ പകർപ്പ് സഹിതം നൽകണം. ഫോൺ: 0487-2361945, 2360847.

## ക്വട്ടേഷൻ

തൃശൂർ ജില്ലാ ട്രഷറി കാര്യാലയത്തിലെ ഉപയോഗത്തിനായി ബോലേറോ എസ്എൽ എക്സ് പവർ പ്ലസ് 2000 എബിഎസ് മഹീന്ദ്ര വാഹനം വാടകയ്ക്ക് ലഭ്യമാക്കുവാൻ ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി നവംബർ 20. ഫോൺ: 0487-2360348.

## ലേലം

ചാലക്കുടി ഗവ. ഐടിഐയിലെ പത്ത് തേക്ക് മരം നവംബർ 14 ഉച്ച 2.30 ന് ലേലം ചെയ്യും. ഫോൺ: 0480-2701491.

## മൃഗസംരക്ഷണം: എടവിലങ്ങ് മാതൃകാ പഞ്ചായത്ത്

മൃഗസംരക്ഷണ വകുപ്പിന്റെ മോഡൽ പഞ്ചായത്താകാൻ തയ്യാറെടുത്ത് എടവിലങ്ങ് ഗ്രാമപഞ്ചായത്ത്. പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം നവംബർ പത്ത് രാവിലെ 8.30 ന് എടവിലങ്ങ് ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ മൃഗസംരക്ഷണ വകുപ്പ് മന്ത്രി അഡ്വ. കെ.രാജു നിർവ്വഹിക്കും. മൃഗസംരക്ഷണമേഖലയിലെ സജീവസാന്നിദ്ധ്യം ഉറപ്പാക്കാൻ പഞ്ചായത്തുകളുമായി സഹകരിച്ച് സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് മോഡൽ പഞ്ചായത്ത്. പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ വിവിധ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ഗോട്ട് ക്ലബും പൗൾട്രി ക്ലബും രൂപീകരിച്ചു നൽകും. ആടുകളെയും കോഴികളെയും ഈ ക്ലബ്കളിലൂടേ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യും. കൈപ്പമംഗലം നിയോജക മണ്ഡലം എംഎൽഎ ഇ ടി ടൈസൺ മാസ്റ്റർ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ എടവിലങ്ങ് പഞ്ചായത്ത് പ്രസിഡണ്ട് എ. പി ആദർശ്, ജില്ലാ മൃഗസംരക്ഷണ ഓഫീസർ എം.കെ. ഗിരിജ, എടവിലങ്ങ് വെറ്റിനറി സർജൻ പി.കെ. ശബ്ന, വിവിധ ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ പങ്കെടുക്കും.

തുടരും